മഞ്ചേരി മണ്ഡലത്തിൽപ്പെട്ട റോഡുകളുടെ നിർമ്മാണം

90 (873) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട തോട്ടുപൊയിൽ - മീൻപാറ കൈറോഡ്, കാരാപ്പറമ്പ് - വടക്കുമല റോഡ്, പാലാത്തോട്, കൂട്ടാവ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവൃത്തിതുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡുകളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ന്;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)1. ചോലക്കൽ തോട്ടുപൊയിൽ-മീൻപാറ റോഡിന്റെ ടാറിംഗ് പണി പുരോഗതിയിലാണ്.

2. കാവന്നൂർ-വടക്കുമല-കാരാപ്പറമ്പ് റോഡിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തിനാൽ പ്രസ്തുത റോഡിന്റെ പണി തുടങ്ങുവാൻ നിവൃത്തിയില്ല.

3. പാലംത്തോട്, കൂട്ടാവ് എളയൂർ റോഡിന്റെ ഒന്നാംഘട്ട പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ബി)-(ഡി) ചോലയ്ക്കൽ, തൊട്ടുപോയിൽ, മീൻപാറ റോഡിന്റെ പണി പുരോഗതിയിലാണ്. മറ്റു രണ്ടു റോഡുകളുടെ പണി ബഡ്ജറ്റിൽ തുക വകയിരുത്തിയശേഷം സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യാവുന്നതാണ്.

കുമ്പനാട്-ചെറുകോൽപ്പുഴ റോഡ് വികസനം

91 (874)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുമ്പനാട്-ചെറുകോൽപ്പുഴ റോഡ് വീതികൂട്ടി വികസിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) വളരെ പ്രധാനപ്പെട്ട കുമ്പനാട്-ചെറുകോൽപ്പുഴ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ പ്രത്യേക ഫണ്ടിൽ നിന്നും ആവശ്യമായ തുക അനുവദിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly